മറുപടിയും വ്യക്തിപരമായ ഹിയറിങ്ങിൽ നല്കിയ വാക്കാലുള്ള സമർപ്പണങ്ങളും പരിഗണിച്ചതിൻ പ്രകാരം, മറ്റു പലതിന്റെയും കൂട്ടത്തിൽ, താഴെപ്പറയുന്ന കുറ്റം ചാർത്തലുകൾ (ചാർജ്) നിലനിൽക്കുന്നതായി ആർ.ബി.ഐ കണ്ടെത്തുകയും, തന്മൂലം പണപ്പിഴ ചുമത്തൽ നിർബന്ധിതമാവുകയും ചെയ്തു.

പ്രസ്തുത ബാങ്ക്:

(i) പ്രുഡെൻഷ്യൽ ഇന്റർ-ബാങ്ക് കൌണ്ടർ പാർട്ടി എക്സ്പോഷർ പരിധി പാലിക്കുന്നതിൽ വീഴ്ച് വരുത്തി.

(ii) ചില നിശ്ചിത അക്കൌണ്ടുകളിൽ കൃത്യമായ ഉപഭോക്തൃ ജാഗ്രത പാലിക്കുന്നതിൽ വീഴ്ച് വരുത്തി.

(iii) ഉപഭോക്താക്കളുടെ കെ വൈ സി വിവരങ്ങൾ സെൻട്രൽ കെ വൈ സി റെക്കാർഡ്സ് രെജിസ്ട്രിയിൽ (സി കെ വൈ സി ആർ) , നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ , അപ്ഡേറ്റ് ചെയ്യുന്നതിൽ വീഴ്ച വരുത്തി.

(iv) വായ്പ സ്വീകർത്താക്കളുടെ വായ്പാസംബന്ധമായ വിവരങ്ങൾ നാലു സി ഐ സി കളിൽ ഒന്നിനെങ്കിലും സമർപ്പിക്കുന്നതിൽ വീഴ്ച് വരുത്തി.

ഈ നടപടി, നിയമം വ്യവസ്ഥാപനം ചെയ്യുന്ന ഉത്തരവുകൾ പാലിക്കുന്നതിലെ പോരായ്മകളെ അടിസ്ഥാനമാക്കിയുള്ളതാണ് എന്നു മാത്രമല്ല, ഇത് പ്രസ്തുത ബാങ്ക് അവരുടെ ഉപഭോക്താക്കളുമായി നടത്തിയിട്ടുള്ള ഏതെങ്കിലും ഇടപാടിന്റെയോ കരാറിന്റെയോ സാധുതയെക്കുറിച്ചുള്ള വിധി പറയുവാൻ ഉദ്ദേശിച്ചുള്ളതല്ല. കൂടാതെ, ഈ പണപ്പിഴ ചുമത്തൽ പ്രസ്തുത ബാങ്കിനെതിരെ ആർ.ബി.ഐ മേലിൽ ആരംഭിച്ചേക്കാവുന്ന മറ്റെന്തെങ്കിലും നടപടികളിന്മേൽ യാതൊരു മുൻവിധിയും ഉളവാക്കുന്നതല്ല.

**(പുനീത് പഞ്ചോളി)**
ചീഫ് ജനറൽ മാനേജർ

**പത്രക്കുറിപ്പ് :2024-2025/1766**